"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വടവുകോട് ബ്ലോക്ക് പഞ്ചായത്തിൽ സ്വീപ്പറായി താൽക്കാലികമായി ജോലി നോക്കി വരുന്ന ശ്രീമതി. എം. കെ. മറിയത്തെ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തി ടിയാൾ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C) No.14764/2013 നമ്പർ കേസിലെ 07/07/2023 ലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്

സ.ഉ.(കൈ) നം.78/2024/LSGD തീയതി,തിരുവനന്തപുരം, 27-06-2024

---

പരാമർശം:-

1. 1 . 25.11.2005 ലെ ജി.ഒ. (പി) നം.501/2005/ഫിൻ. നമ്പർ ഉത്തരവ്.
2. ശ്രീമതി. എം. കെ. മറിയം സമർപ്പിച്ച W.P (C) No.25236/12 ഹർജിയിന്മേൽ 30.10.2012 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
3. 2.11.2012 തീയതിയിൽ ശ്രീമതി.എം.കെ.മറിയം സമർപ്പിച്ച നിവേദനം.
4. സർക്കാർ ഉത്തരവ് (സാധാ) നം. 1323/2013/തസ്വഭവ തീയതി 18/05/2013
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 21/09/2023, 18/12/2023, 07/02/2024 എന്നീ തീയതികളിലെ LSGD/PD/51972/2023-DEF5 നമ്പർ കത്തുകൾ.
6. W.P (C) No.14764/2013 ഹർജിയിന്മേൽ 07/07/2023 ലെ ബഹു. ഹൈക്കോടതി യുടെ വിധിന്യായം ഉൾപ്പെടുത്തി ശ്രീമതി എം കെ മറിയം സമർപ്പിച്ച 12/7/23-ലെ അപേക്ഷ

**<u>ഉത്തരവ്</u>**

എറണാകുളം വടവുകോട് ബ്ലോക്ക് പഞ്ചായത്തിൽ കാഷ്വൽ സ്വീപ്പർ ആയി വടവുകോട് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 1998 മുതൽ നിയോഗിച്ചതും താൽക്കാലികമായി ജോലി നോക്കി വരുന്നതുമായ ശ്രീമതി. എം.കെ. മറിയം ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C) No. 14764/2013 ൽ 07/07/202 ലെ ഉത്തരവ്വ പ്രകാരം ടിയാരിയെ 18/06/2001 പ്രാബല്യത്തിൽ വടവുകോട് ബ്ലോക്ക് പഞ്ചായത്തിൽ പരാമർശം (1) ലെ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുവാനും ടി തീയതി മുതൽ ശമ്പള കുടിശ്ശിക അനുവദിക്കുവാനും ടി നടപടികൾ വിധിന്യായം കൈപ്പറ്റി നാല്

മാസത്തിനുള്ളിൽ നടപ്പിലാക്കുവാനും ബഹു ഹൈക്കോടതി ഉത്തരവായിരുന്നു.

ബഹു. കേരള ഹൈക്കോടതിയിൽ ശ്രീമതി എം കെ മറിയം ഫയൽ ചെയ്ത WP(C) No. 25236/2012ൽ 30/10/2012 -ലെ വിധിന്യായം നടപ്പാക്കുന്നതിനായി ടിയാരി സമർപ്പിച്ച പരാമർശം (3) ലെ അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ച് സ്വീപ്പിംഗ് ഏരിയ 768.38 ച.മീ ആണെന്നതിന്റെ പശ്ചാത്തലത്തിൽ പരാമർശം (4) പ്രകാരം അപേക്ഷ നിരസിച്ച് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതേ തുടർന്ന്, ബഹു. കേരള ഹൈക്കോടതിയിൽ ടിയാരി വീണ്ടും WP(C) No. 14764/2012 ഫയൽ ചെയ്യുകയും കേസിന്റെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ തിരികെ സർവീസിൽ പ്രവേശിക്കുകയുണ്ടായി. വടവുകോട് ബ്ലോക്ക് പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു അംഗീകൃത തസ്തികയാണ് നിലവിലുള്ളത്. ടി തസ്തികയിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമിതയായ ശ്രീമതി. അമ്മിണി കുറുമ്പൻ 27/01/2020-ന് മരണപ്പെടുകയും പിന്നീട് 28/01/2022 മുതൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമിതയായ ശ്രീമതി.അമീറ കെ. കെ സേവനം അനുഷ്ഠിച്ചുവരുകയും ചെയ്യുന്നു.

പാർട്ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്കരണം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ച 25/11/2005-ലെ സ. ഉ. (പി) നം.501/2005/ധന. ഉത്തരവ് അനുസരിച്ച് 800 ച. മീ. സ്വീപ്പിങ് ഏരിയ ഉള്ള ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക മാത്രമാണ് അനുവദനീയമായിട്ടുള്ളത്.പ്രസ്തുത തസ്തികയിൽ നിയമനം നടത്തിയിട്ടുമുണ്ട്.

ഈ വിഷയം സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം സമർപ്പിച്ചിരുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടം 2018-ൽ പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിച്ചിട്ടുള്ളതും ടി കെട്ടിടത്തിൽ 02/07/2020 മുതൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണെന്നും നിലവിൽ ടി കെട്ടിടത്തിന്റെയും അനുബന്ധ ഓഫീസ് കെട്ടിടങ്ങളുടെയും സ്വീപ്പിംങ് ഏരിയ പി ഡബ്ളിയുഡി അസിസ്റ്റന്റ് എഞ്ചിനീയർ, പെരുമ്പാവൂർ അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതും ആയത് 2162 m2 എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും ആണെന്നും പുതിയ കെട്ടിടത്തിലെ സ്വീപ്പിംങ് ഏരിയുടെ വിസ്തീർണ്ണം 2162 m2 ആയതിനാൽ പാർട്ട് ടൈം സ്വീപ്പറുടെ

അധിക തസ്തിക സൃഷ്ടിച്ചു ശ്രീമതി എം കെ മറിയത്തെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുവാൻ കഴിയുമെന്നുമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത് .02/07/2020 മുതൽ പുതിയ ഓഫീസ് പ്രവർത്തനം ആരംഭിച്ചതുമുതൽ മാത്രമാണ് വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ സ്വീപ്പിങ് ഏരിയ 2162 ച. മീ. കൈവരിച്ചിരിക്കുന്നത് എന്നതിനാൽ പരാമർശം ഉത്തരവുപ്രകാരം അധിക പാർട്ട് ടൈം സ്വീപ്പർ തസ്തിക അനുവദനീയമായിട്ടുള്ളത് 2/7/2020 മുതൽ മാത്രമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ എറണാകുളം വടവുകോട് ബ്ലോക്ക് പഞ്ചായത്തിൽ സ്വീപ്പിങ് ഏരിയ 2162 ച. മീ. ഉള്ള പുതിയ ഓഫീസ് പ്രവർത്തനം ആരംഭിച്ച 2/7/2020 മുതൽ പരാമർശം (1) പ്രകാരം അധിക പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവാകുന്നു . ടി പഞ്ചായത്തിൽ താത്കാലിക അടിസ്ഥാനത്തിൽ സ്വീപ്പറായി പ്രവർത്തിയെടുത്തുവരുന്ന ശ്രീമതി എം കെ മറിയത്തെ ടി തസ്തികയിൽ 2/7/2020 മുതൽ സ്ഥിരപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു. ശ്രീമതി എം കെ മറിയം ബഹു ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരിക്കുന്ന W.P (C) No.14764/2013-ൽ 07/07/2023-ലെ കോടതിവിധി ഇപ്രകാരം നടപ്പാക്കിക്കൊണ്ടു ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1) ശ്രീമതി.മറിയം, ഒലാട്ടുപ്പുറത്ത് ഹൗസ്, ഉരുത്തിപ്പുറം പി.ഒ, എറണാകളം ജില്ല- 680667 (രജിസ്റ്റേർഡ് തപാൽ മുഖേന)
2) പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി
3) ജില്ലാ കളക്ടർ, എറണാകളം
4) വെബ് & ന്യൂ മീഡിയ ഡിവിഷൻ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
6) ധനകാര്യ (ഡെവ) വകുപ്പ് (അ:കു.നം. 2707360/DEV-1/36/2024-FIN dated 26-06-2024, 07-03-2024)

ഉത്തരവിൻ പ്രകാരം

Signed by
Prasanth C
Date: 27-06-2024 17:02:21
സെക്ഷൻ ഓഫീസർ